പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1601</u> 13/06/2014-<u>ൽ മറുപടിയ്ക്ക്</u>

<u>"തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കലാസാംസ്കാരിക പ്രവർത്തനങ്ങൾ"</u>

| ചോദ്യം<br><br>ശ്രീ. കെ.എൻ.എ.ഖാദർ | | ഉത്തരം<br><br>ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കലാസാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ സൗകര്യങ്ങൾ നിർബന്ധമായും ഏർപ്പെടുത്തുവാൻ തയ്യാറാകുമോ ; | (എ യും, ബി യും, സി യും) | 2013-14 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ കലാസാംസ്ക്കാരിക പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കുന്നതിനായി ഓരോ ജില്ലകളിലെയും ഓരോ ഗ്രാമപഞ്ചായത്തുകളിൽ " കലാഗ്രാമം " രൂപീകരിക്കുന്നതിനു പ്രഖ്യാപിച്ചിട്ടുണ്ട്. ബഹു.ധനവകുപ്പ് മന്ത്രി 2013-14 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന് വേണ്ടി ഖണ്ഡിക 131 ൽ ഓരോ ജില്ലയിലെയും ഒരു ഗ്രാമപഞ്ചായത്തിൽ, പരമ്പരാഗത സംസ്ക്കാരത്തെയും , അന്യമായിക്കൊണ്ടിരിക്കുന്ന പരമ്പരാഗത കലാരൂപങ്ങളേയും സംരക്ഷിക്കുകയും, പരിപോഷിപ്പിക്കുകയും ചെയ്യുക, നമ്മുടെ കലയും സംസ്ക്കാരവും പൈതൃകവും സംരക്ഷിക്കുകയും ഭാവി തലമുറയ്ക്കും സന്ദർശകർക്കുമായി അവ കാത്തുസൂക്ഷിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ഒരു ഗ്രാമപഞ്ചായത്തിൽ ഒരു കലാഗ്രാമം എന്ന തരത്തിൽ സ്ഥാപിക്കുന്നതിനായി 140 ലക്ഷം രൂപ വകയിരുത്തുമെന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ 2013-14 ൽ പ്രസ്തുത തുക അനുവദിയ്ക്കപ്പെടാത്തതിനാൽ പദ്ധതി നടപ്പാക്കാനായിട്ടില്ല. |
| (ബി) | സംഗീതം, നൃത്തം, നാടകം തുടങ്ങിയ സ്റ്റേജ് ഇനങ്ങൾ അവതരിപ്പിക്കുവാൻ എല്ലാ പഞ്ചായത്തുകളിലും സൗകര്യങ്ങളുണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ ; | | |
| (സി) | ഇക്കാര്യത്തിൽ ഇതേവരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ